150 YEARS OF CELEBRATING THE MAHATMA

**ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്**

വികാസ് ഭവൻ, തിരുവനന്തപുരം

ടെലിഫോൺ-0471-2300523,24,2302090

ഇ-മെയിൽ-director.mwd@gmail.com

വെബ് സൈറ്റ്-www.minoritywelfare.kerala.gov.in

ഭരണ ഭാഷ-മാതൃഭാഷ

നം.MWD/485/2025-S തിയതി.17-12-2025

**വിജ്ഞാപനം**

**ചാർട്ടേഡ് അക്കൗണ്ടൻസി/ കോസ്റ്റ് ആന്റ് മാനേജ്മെന്റ് അക്കൗണ്ടിംഗ് കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് 2025-26 അപേക്ഷ ക്ഷണിക്കുന്നു.**

ചാർട്ടേർഡ് അക്കൗണ്ടൻസി/കോസ്റ്റ് ആന്റ് മാനേജ്മെന്റ് അക്കൗണ്ടിംഗ്/കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ജനസംഖ്യാനുപാതികമായി സ്കോളർഷിപ്പ് നൽകുന്നതിലേക്കായി കേരള സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു.

കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ (എല്ലാ മതവിഭാഗക്കാരും), സിഖ്, ബുദ്ധ, ജൈന, പാഴ്സി എന്നീ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. ഇന്റർമീഡിയേറ്റ്, ഫൈനൽ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കാണ് അപേക്ഷിക്കാനർഹത. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകുന്നതാണ്. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മത വിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗത്തെ പരിഗണിക്കുന്നതാണ്. മെറിറ്റിന്റേയും കുടുംബ വാർഷിക വരുമാനത്തിന്റേയും അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ്. ബി.പി.എൽ വിഭാഗക്കാർ നിർബന്ധമായും റേഷൻ കാർഡിന്റെ പകർപ്പ് സമർപ്പിക്കണം. ഇന്റർമീഡിയേറ്റ് പഠിക്കുന്ന വിദ്യാർത്ഥികൾ ഫൌണ്ടേഷൻ അല്ലെങ്കിൽ ബിരുദത്തിന് 60% മാർക്ക് നേടിയവർ ആയിരിക്കണം. ഫൈനലിന് പഠിക്കുന്ന വിദ്യാർത്ഥികൾ ഇന്റർമീഡിയേറ്റ് പാസ്സായവരായിരിക്കണം. 15,000/- രൂപയാണ് സ്കോളർഷിപ്പ് തുകയായി അനുവദിക്കുന്നത്. ഒറ്റ തവണ ലഭിക്കുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. മുൻ വർഷങ്ങളിൽ വകുപ്പിൽ നിന്നും പ്രസ്തുത സ്കോളർഷിപ്പ് ലഭിച്ചവർ അപേക്ഷിക്കേണ്ടതില്ല.

ന്യൂനപക്ഷ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെയും മാർക്കിന്റെയും അടിസ്ഥാനത്തിൽ ജനസംഖ്യാനുപാതികമായിട്ടാണ്. അപേക്ഷകർക്ക് ഏതെങ്കിലും ഷെഡ്യൂൾഡ്കൊമേഴ്സ്യൽ ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട്

Scanned with OKEN Scanner

ഉണ്ടായിരിക്കണം. www.mwdscholarship.kerala.gov.in എന്ന വെബ് സൈറ്റിലെ സ്കോളർഷിപ്പ് മെന്യൂ ലിങ്ക് മുഖേന ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി. 09.01.2026. ഓൺലൈൻ അപേക്ഷയുടെ ഫീൽഡുകൾ പൂർണമായി പൂരിപ്പിച്ച് നിർദ്ദിഷ്ട രേഖകൾ upload ചെയ്ത് പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും 12.01.2026- നുള്ളിൽ വകുപ്പിലേയ്ക്ക് നേരിട്ടോ/തപാൽ മാർഗ്ഗം വഴി എത്തിച്ചാൽ മാത്രമേ സ്കോളർഷിപ്പ് അപേക്ഷകൾ പരിഗണിക്കുകയുള്ളൂ. കൂടുതൽ വിവരങ്ങൾക്ക് 0471-2300523, 0471 -2300524, 0471-2302090 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

I. <u>അപേക്ഷിക്കേണ്ട രീതി:</u>

1. "One-time registration."- ൽ ക്ലിക്ക് ചെയ്യുക.
2. യൂസർനെയിമും പാസ്സ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുക
3. പ്രൊഫൈൽ പൂർണമായി രേഖപ്പെടുത്തുക
4. വിദ്യാഭ്യാസ യോഗ്യതകൾ സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തുക.
5. Apply for scholarship - ൽ ക്ലിക്ക് ചെയ്യുക.
6. Final submit & download print- യിൽ ക്ലിക്ക് ചെയ്യുക

II. <u>അപേക്ഷകർ ഹാജരാക്കേണ്ട രേഖകൾ</u>

1. അപേക്ഷകരുടെ രജിസ്ട്രേഷൻ പ്രിന്റൗട്ട്.
2. എസ്.എസ്.എൽ.സി., പ്ലസ്സ്/വി.എച്ച്.എസ്.ഇ, ഡിഗ്രി തുടങ്ങിയവയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്, ഇന്റർ മീഡിയേറ്റ് വിദ്യാർത്ഥിയാണെങ്കിൽ ഫൗണ്ടേഷൻ പാസ്സായ സർട്ടിഫിക്കറ്റും ഇന്റർ മീഡിയേറ്റിന് ചേർന്ന രേഖയും സമർപ്പിക്കുക. ഫൈനൽ വിദ്യാർത്ഥിയാണെങ്കിൽ ഇന്റർ മീഡിയേറ്റ് പാസ്സായ സർട്ടിഫിക്കറ്റും ഫൈനലിന് ചേർന്ന രേഖയും സമർപ്പിക്കേണ്ടതാണ്.
3. പ്രസ്തുത കോഴ്സിന് പഠിക്കുന്നുവെന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖകൾ

   (അഡ്മിഷൻ കാർഡ്, ട്യൂഷൻ ഫീസ് ഒടുക്കിയതിന്റെ രസീത്, ഐ.ഡി.കാർഡ് തുടങ്ങിയവ)

4. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്

   (പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം)

Scanned with OKEN Scanner

5. ബാങ്ക് അക്കൗണ്ട് സംബന്ധമായ രേഖകൾ(Account No, IFSC Code, Bank with Branch Name(latest)) ശരിയാണോ എന്ന് വിദ്യാർഥികൾ തന്നെ പരിശോധിച്ച് ഉറപ്പ് വരുത്തണം. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് reject ആവുകയാണെങ്കിൽ വകുപ്പ് ഉത്തരവാദിയല്ല.

6. ആധാർ കാർഡിന്റെ പകർപ്പ്

7. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് പകർപ്പ്.

8. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, അല്ലെങ്കിൽ മൈനോരിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

9. വരുമാന സർട്ടിഫിക്കറ്റ് ( വില്ലേജ് ഓഫീസിൽ നിന്ന്)

10. റേഷൻ കാർഡിന്റെ പകർപ്പ്

III. <u>അവസാന തീയതി</u>

1. വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി. 9.01.2026

2. ഓൺലൈൻ രജിസ്ട്രേഷൻ പ്രിന്റൗട്ടും മറ്റ് അനുബന്ധ രേഖകളും ന്യൂനപക്ഷ ക്ഷേമ ഡയറക്ടേറ്റ് വികാസ് ഭവൻ നാലാം നില തിരുവനന്തപുരം -33 എന്ന മേൽവിലാസത്തിൽ 12.01.2026 തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

SABIN SAMEED IAS

ഡയറക്ടർ

igned by
abin Sameed
ate: 17-12-2025 11:47:51

Scanned with OKEN Scanner